# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.979

11.07.2016 -ൽ മറുപടിക്ക്

### മത്സ്യ തൊഴിലാളികളുടെ സുരക്ഷയ്ക്ക് സംവിധാനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. പാറക്കൽ അബ്ദുള്ള | | ശ്രീമതി. ജെ. മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പമന്ത്രി) |
| (എ) | മൺസൂൺ കാലത്ത് കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്താൻ നിലവിൽ എന്തൊക്കെ സംവിധാനങ്ങളാണുള്ളത് ; | (എ) | മൺസൂൺ കാലത്ത് മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി തീരദേശ ജില്ലകൾ കേന്ദ്രീകരിച്ച് ബോട്ടുകൾ വാടകയ്ക്ക് എടുത്ത് ഫിഷറീസ് വകുപ്പും മറൈൻ എൻഫോഴ്സ്മെന്റും കടൽ രക്ഷാ പ്രവർത്തനം നടത്തി വരുന്നുണ്ട്. അടിയന്തിര ഘട്ടങ്ങളിൽ കടൽ രക്ഷാ പ്രവർത്തനങ്ങൾക്ക് ഇൻഡ്യൻ കോസ്റ്റ് ഗാർഡിന്റെയും ഇൻഡ്യൻ നാവിക സേനയുടെയും സേവനവും പ്രയോജനപ്പെടുത്തുന്നുണ്ട്. തീരദേശ ജില്ലകളിൽ കടൽ രക്ഷാ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി 24 മണിക്കൂർ പ്രവർത്തിക്കുന്ന കൺട്രോൾ റൂം സംവിധാനവും ദിവസ വേതനത്തിൽ ലൈഫ് ഗാർഡുകളുടെ സേവനവും പ്രയോജനപ്പെടുത്തുന്നുണ്ട്. |
| (ബി) | ഇതിനായി നാവിക സേനയുടെ സഹായം ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുമോ; | (ബി) | കടൽ രക്ഷാപ്രവർത്തനങ്ങൾക്ക് അടിയന്തിര ഘട്ടങ്ങളിൽ നാവികസേനയുടെ സഹായം പ്രയോജനപ്പെടുത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | മറൈൻ എൻഫോഴ്സ്മെന്റ്, ഫിഷറീസ് വകുപ്പ്, സംസ്ഥാന പോലീസ്, ജില്ലാ ഭരണകൂടം എന്നിവയുടെ പ്രവർത്തനം ഏകോപിപ്പിച്ച് മത്സ്യതൊഴിലാളികളുടെ സുരക്ഷ ഉറപ്പു വരുത്തുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | ഫിഷറീസ് വകുപ്പും, ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം സംസ്ഥാന പോലീസിന്റെ ഭാഗമായ തീരദേശപോലീസ്, ജില്ലാ ഭരണകൂടം എന്നിവ മത്സ്യ തൊഴിലാളികളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിനായി യോജിച്ച് പ്രവർത്തിക്കുന്നുണ്ട്. മൺസൂൺ കാലത്ത് മത്സ്യ ബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് കടലിൽ അപകടം സംഭവിച്ചാൽ ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം രക്ഷാപ്രവർത്തനം നടത്താറുണ്ട്. ടി സമയത്ത് തീരദേശപോലീസും പട്രോളിംഗ് നടത്തി മത്സ്യത്തൊഴിലാളികളെ രക്ഷിക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്. ജില്ലാ കളക്ടറാണ് നേവിയുടേയും കോസ്റ്റ് ഗാർഡിന്റേയും കപ്പലും ഹെലികോപ്റ്ററും രക്ഷാദൗത്യത്തിന് പങ്കെടുക്കണമെന്ന നിർദ്ദേശം നൽകുന്നത്. |

**സെക്ഷൻ ഓഫീസർ**